തൃശ്ശൂർ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടിക്രമം
(ഹാജർ: കെ.സുമതി)

വിഷയം:- പൊ.വി - പ്രൈമറി അദ്ധ്യാപകരുടെ എച്ച്.എസ്.എ പ്രൊമോഷൻ - അന്തിമ സീനിയോരിറ്റി പട്ടിക - പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1. സർക്കുലർ നമ്പർ എ1/7762/17 തീയതി. 16/06/17.
2. സ്കൂൾ പ്രധാനാദ്ധ്യാപകർ സമർപ്പിച്ച അപേക്ഷകൾ.

ഉത്തരവ് നം. എ1/7762/17/കെ.ഡിസ് തീയ്യതി 18-12-17

പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ തൃശ്ശൂർ ജില്ലയിൽ നിയമനം നേടിയ പ്രൈമറി അദ്ധ്യാപകരിൽ നിന്നും എച്ച്.എസ്.എ വിഭാഗത്തിലെ ഇംഗ്ലീഷ്, ഫിസിക്കൽ സയൻസ്, നാച്ചുറൽ സയൻസ്, സോഷ്യൽ സയൻസ്, മാത്സ് എന്നീ വിഷയങ്ങളിലേക്ക് കേഡർ സ്ട്രെങ്ങ്ത്തിന്റെ അടിസ്ഥാനത്തിൽ ഓരോ വർഷവും ഉണ്ടാകാൻ ഇടയുള്ള ഒഴിവുകൾ നികത്തുന്നതിലേക്ക് അർഹരായവരെ ഉൾപ്പെടുത്തി പരാമർശം (1) പ്രകാരം പ്രൊവിഷണൽ സീനിയോരിറ്റി പട്ടിക പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടാൻ അർഹതയുണ്ടായിട്ടും വിട്ടുപോയവർ പരാമർശം (2) പ്രകാരം ആക്ഷേപം സമർപ്പിക്കുകയും അർഹരായവരെ പ്രൊവിഷണൽ ലിസ്റ്റിൽ ഉൾപ്പെടുത്തി പട്ടിക ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. പി.എസ്.സി നിയമനം ലഭിച്ചവർക്ക് നിയമന ശുപാർശ തിയ്യതിയും ആശ്രിതനിയമനം / അന്തർജില്ലാ മാറ്റം / പി.എച്ച് സ്പെഷ്യൽ റിക്രൂട്ട്മെന്റ് ലഭിച്ചവർക്ക് തൃശ്ശൂർ ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തിയ്യതിയുമാണ് സീനിയോരിറ്റിക്ക് കണക്കാക്കുന്നത്.

പ്രൊവിഷണൽ ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ സേവനപുസ്തകം, ഒറിജിനൽ യോഗ്യതാ സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ച് അർഹരായവരെ അനുബന്ധം I മുതൽ V വരെ പട്ടികകളായി വിഷയാടിസ്ഥാനത്തിൽ തരം തിരിച്ച് തയ്യാറാക്കിയ അന്തിമ സീനിയോരിറ്റി പട്ടിക പ്രസിദ്ധീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

നിലവിലിരുന്ന പട്ടികയിലെ എല്ലാവരും തന്നെ ഈ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ പഴയ സീനിയോരിറ്റി പട്ടിക ഈ ഉത്തരവ് തിയ്യതി മുതൽ അസാധുവാക്കപ്പെടുന്നതും തുടർന്നുള്ള എല്ലാ പ്രൊമോഷനും പുതുക്കി പ്രസിദ്ധീകരിച്ച ഈ പട്ടികയിലെ സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ മാത്രം നികത്തുന്നതാണ്.

വിദ്യാഭ്യാസ ഉപഡയറക്ടർ,
തൃശ്ശൂർ.

സ്വീകർത്താവ്

1. ജില്ലാ / ഉപജില്ല വിദ്യാഭ്യാസ ഓഫീസർ
2. ഹെഡ്മാസ്റ്റർ, ജി.എച്ച്.എസ്./ജി.യു.പി/ജി.എൽ.പി
3. ഡി.പി.ഒ/ബി.പി.ഒ, എസ്.എസ്.എ.
4. കരുതൽ ഫയൽ / ഫയൽ കോപ്പി.

പി.എൻ.18/12.

Scanned by CamScanner